ഏസി.എച്ച്/2019

18.07.2019.

# പത്രക്കുറിപ്പ്

## കേരള സർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം 2019

## സ്വാശ്രയ കോളേജുകളിലെ പുതിയ കോഴ്സുകൾക്ക് അഡ്മിഷൻ കേരള സർവകലാശാല സെനറ്റ് ഹാളിൽ 22.07.2019 – ന്

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാശ്രയ കോളേജുകളായ 1) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് (KITTS), തൈക്കാട്, തിരുവനന്തപുരം ബി.കോം (ഇലക്ടീവ്– ട്രാവൽ ആന്റ് ടൂറിസം) 40 സീറ്റും, (2) എൻ.എസ്.എസ് ആർട്സ് ആന്റ് സയൻസ് കോളേജ്, പേരയം, കുണ്ടറയിൽ ബി.എസ്സി. ഫിസിക്സും (32 സീറ്റ്) അനുവദിച്ചിരിക്കുന്നു. മേൽ പറഞ്ഞ കോഴ്സുകളുടെ മെറിറ്റ് സീറ്റുകളിലേയ്ക്ക് കേരള സർവകലാശാല സെനറ്റ് ഹാളിൽ വച്ച് 22.07.2019 – ന് അഡ്മിഷൻ നടത്തുന്നു. 22.07.2019 – ന് രാവിലെ 11 മണി വരെ ഹാജരാകുന്നവരിൽ നിന്നും റാങ്ക് ലിസ്റ്റ് തയ്യാറാക്കി പ്രവേശനം നടത്തുന്നതാണ്. വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റ്, ഫീസ്, നിലവിൽ ഓൺലൈൻ രജിസ്ട്രേഷൻ ഉള്ളവർ അതിന്റെ ഏറ്റവും പുതിയ പ്രിന്റൗട്ട് എന്നിവ കൊണ്ടു – വരേണ്ടതാണ്. എസ്.സി/എസ്.ടി, മറ്റു സംവരണ സീറ്റുകളിൽ പരിഗണിക്കപ്പെടുവാൻ ആഗ്രഹിക്കുന്നവർ ജാതി തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്. സർട്ടിഫിക്കറ്റുകൾ ഹാജരാക്കാൻ സമയം അനുവദിക്കുന്നതല്ല.

നിലവിൽ രജിസ്ട്രേഷൻ ഇല്ലാത്തവർ അഡ്മിഷന് വരുമ്പോൾ (https://admissions.keralauniversity.ac.in/ug2019/) എന്ന വെബ്സൈറ്റിലെ മാനേജ്മെന്റ് ക്വാട്ട രജിസ്ട്രേഷൻ പൂർത്തിയാക്കി ഓൺലൈൻ പ്രിന്റൗട്ട് കൊണ്ടുവരേണ്ടതാണ്.

അലോട്ട്മെന്റ് ലഭിച്ചാൽ ഉടൻ തന്നെ ഒടുക്കേണ്ടതായ പ്രവേശന ഫീസ് (ജനറൽ/എസ്.സി.ബി.സി. വിഭാഗങ്ങൾക്ക് 1850/– രൂപയും എസ്.സി./ എസ്.ടി. വിഭാഗങ്ങൾക്ക് 930/– രൂപയും) കൈയിൽ കരുതേണ്ടതാണ്. ഇതിനായി കൂടുതൽ സമയം അനുവദിക്കുന്നതല്ല. പ്രവേശന ഫീസ് മുൻപ് ഒടുക്കിയിട്ടുള്ള വിദ്യാർത്ഥികൾ ഈ തുക വീണ്ടും ഒടുക്കേണ്ടതില്ല. ആയതിനാൽ അവർ ഈ തുക ഒടുക്കിയ രസീതിന്റെ പകർപ്പ് നിശ്ചയമായും കൈവശം സൂക്ഷിക്കേണ്ടതാണ്.

Sd/-

**രജിസ്ട്രാർ**

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)